# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025- 26

എംജിഎൽപി കാലാങ്കി



# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| ജില്ല | : കണ്ണൂർ |
| സ്കൂൾ കോഡ് | : 13482 |
| സ്കൂളിന്റെ പേര് | : ഗവ. ജി എൽ പി കാലാങ്കി |
| മേൽ വിലാസം | : കാലാങ്കി . പി.ഒ |
| | : കാലാങ്കി |
| പിൻ കോഡ് | : 670705 |
| ഫോൺ നമ്പർ | : 9446479488 |
| ഇ മെയിൽ | : glpskalanky@gmail.com |
| ഗ്രാമപഞ്ചായത്ത് | : ഉളിക്കൽ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| " ഉപജില്ല | : ഇരിക്കൂർ |
| ക്ലാസ്സുകൾ | : 1–4, Prepramary |
| മാനേജ്മെന്റ് | : ഗവൺമെന്റ് |
| പഠനമാധ്യമം | : മലയാളം |

# ആമുഖം

കണ്ണൂർ ജില്ലയിൽ ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഒരു വിദ്യാലയമാണ് കാലാങ്കി ബദൽ സ്കൂൾ. കർണാടക വനത്തോടു ചേർന്ന് കിടക്കുന്നതും കുന്നുകളാൽ ചുറ്റപ്പെട്ടതുമായ ശാന്തസുന്ദരമായ ഒരു ഗ്രാമമാണ് കാലാങ്കി. ഇവിടുത്തെ സാധാരണക്കാരുടെ കുട്ടികളുടെ പ്രാഥമിക പഠനത്തിനുള്ള ഏക ആശ്രയമാണ് ഈ വിദ്യാലയം. ഇവിടുത്തെ കുട്ടികളുടെ വീടുകളിൽ നിന്നും 8 കി.മി.യോളം ദൂരമുണ്ട് തൊട്ടടുത്ത എൽ.പി സ്കൂളിലേയ്ക്ക്

1996-ൽ നാട്ടുകാരുടെ സഹായത്തോടെ ഒരു സ്വകാര്യസ്കൂൾ ആരംഭിക്കുകയും 2005-ൽ SSA യുടെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2012-ൽ ഇത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആവുകയും ചെയ്തു. എന്നാൽ 2022-ൽ സ്കൂൾ പൂട്ടാനുള്ള തീരുമാനമറിഞ്ഞ് നാട്ടുകാർ ഹൈ. കോടതിയെ സമീപിക്കുകയും അതുപ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഇവിടെ നിന്നും കുട്ടികൾ നല്ല നിലവാരത്തിൽ പഠനം പൂർത്തിയാക്കി ഇന്ന് വിവിധ മേഖലകളിൽ ജോലിചെയ്യുന്നവരും പഠനം നടത്തുന്നവരും ഉണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പരിശീലനം നൽകി വരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ നാലാം തരം വരെ 23 കുട്ടികളും 4 അധ്യാപകരും ഉണ്ട്.

## അക്കാദമിക മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2 ഗണിത ശേഷി വികാസം
3 ഇംഗ്ലീഷ് പഠനം എളുപ്പമാക്കൽ
4 വായന ശേഷി വർദ്ധിപ്പിക്കൽ
5 പഠനയാത്രകൾ
6 ദിനാചരണങ്ങൾ
7 പ്രവർത്തി പരിചയ പരിശീലനം
8 പച്ചക്കറിത്തോട്ടം
9 ഔഷധത്തോട്ടം
10 കലാപരിപോഷണം
11 കായികശേഷി വികസനം
12 ഐ.ടി പഠനം
13 ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ
14. ഡയറി എഴുതൽ

മേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാശേഷി വികസനം എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനും ഉള്ള ശേഷി വികാസം | അക്ഷരം, ചിഹ്നം ഉറപ്പിക്കൽ, പദനിർമ്മാണം വാക്യരചന, പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | 4 മാസക്കാലം 1 വർഷം | ക്ലാസ് ടീച്ചർ | |
| പത്രവായന | അസംബ്ലി - ഗ്രൂപ്പ് തലത്തിൽ ആഴ്ചയിൽ 1 | 1 വർഷം | ബന്ധപ്പെട്ട ടീച്ചർ | |
| സ്വതന്ത്രവായനക്കാരാക്കുക | ക്ലാസ് തലത്തിൽ ലൈബ്രറി ഒരുക്കൽ ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |
| സർഗ്ഗശേഷി വികസനം | കവിതാലാപനം, കഥ പറയൽ | പാഠവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ | |

മേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിത പഠനം ലളിതമാക്കൽ | ഗണിതകിറ്റ് ഉപയോഗിച്ചുള്ള ഗണിത പ്രവർത്തനങ്ങൾ വിവിധ കളികൾ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് | 1 വർഷം | ക്ലാസ് ടീച്ചർ | |
| ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിലൂടെയുള്ള ഗണിത പഠനം എളുപ്പമാക്കൽ | ഗണിതശാസ്ത്രമേള പി.ടി.എ ഉദ്ഘാടനം | വർഷത്തിൽ 1 | SRG | പി.ടി.എ |
| | ദിനാചരണങ്ങൾ | | | |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |

## മേഖല -: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും ചെറിയ വാക്യങ്ങൾ എഴുതാനുമുള്ള കഴിവ്-ശേഷി വികസനം | ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസും ആഴ്ചയിൽ ഒന്ന് | മാസത്തിൽ 1 ദിവസം ഒരു വർഷത്തേക്ക് | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ 1 ദിവസം 1 വർഷം | | |
| സർഗാത്മകം | ഇംഗ്ലീഷ് കഥ പ്രസംഗം | 1 മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| കുട്ടികളുടെ ഇംഗ്ലീഷ് സംസാരം എളുപ്പമാക്കാൻ | സെന്റൻസ് ബോർഡ് പ്രദർശിപ്പിക്കൽ | എല്ലാ ദിവസവും 1 വർഷം മുഴുവൻ | സ്കൂൾ ലീഡർ | |

കലാകായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാകായിക ശേഷി വർദ്ധിപ്പിക്കൽ | ബാലസഭ | മാസത്തിൽ ഒരിക്കൽ | SRG | |
| | പഠനപ്രവർത്തനങ്ങൾ ഭാഗമായുള്ള വിവിധ പരിപാടികൾ ക്ലാസ് തലത്തിൽ അവതരണം, സ്കിറ്റ് മോണോ ആക്ട്, കവിത, ചിത്രരചന നിറം നൽകൽ | അവസരത്തിന് അനുസരിച്ച് | ക്ലാസ് ടീച്ചർ | |

പ്രകൃതി സംരക്ഷണം പി.ടി.എ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തൽ ഔഷധത്തോട്ടം നട്ടുപിടിപ്പിക്കൽ | ജൈവ പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതോടൊപ്പം കൃഷിയിൽ താല്പര്യം ഉണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനം | 3 മാസം വർഷം | പി.ടി.എ പ്രസിഡന്റ് / ഹെഡ്മിസ്ട്രസ് അധ്യാപകർ | PTA |
| പി.ടി.എ | സ്കൂൾതല പ്രവർത്തനം തിരിച്ചറിയുന്നു. | മാസത്തിൽ 1 തവണ | PTA എക്സിക്യൂട്ടീവ്. | |

## ഉപസംഹാരം

കാലാങ്കി എം ജി എൽ സിയിലെ കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ വികസനം ലക്ഷ്യമാക്കി തയാറാക്കിയതാണ് ഈ മാസ്റ്റർപ്ലാൻ പരിമിതികൾക്കിടയിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ആശയം പൂർണമായും ഉൾക്കൊണ്ടുതന്നെ അവ നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ ഈ പ്ലാനിലെ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

